റെയിൽവേ സ്റ്റേഷനുകളിൽ പാഴ്സൽ ഓഫീസിനു സമീപം സംസ്ഥാന വാണിജ്യ നികുതി വകുപ്പിന്റെ സഹിരമായുള്ള ബൂത്തുകൾ റെയിൽവേയുടെ സഹകരണത്തോടെ പ്രവർത്തിക്കുന്നുണ്ട്. ട്രെയിൻ വഴി പാഴ്സൽ കടത്തുന്നവർ ഓൺലൈനായി പാഴ്സലുകളുടെ വിശദാംശങ്ങൾ ഡിക്ലയർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന് പുറത്തുനിന്ന് റെയിൽവേ/ സീപോർട്ട്/ എയർപോർട്ട് എന്നിവ വഴി സാധനങ്ങൾ കൊണ്ടുവരുമ്പോൾ ഓൺലൈനിൽ ഫോം 8 FA വഴി വിശദാംശങ്ങൾ മുൻകൂറായി നൽകൽ ചെയ്യേണ്ടതാണ്. ഇത് ഉറപ്പ് വരുത്തിയതിനുശേഷമാണ് സാധനങ്ങൾ അകത്തേക്ക് കടത്തി വിടുന്നത്. ഇങ്ങനെ ഡിക്ലയർ ചെയ്യാത്ത സാധനങ്ങൾ കൊണ്ടുവരുമ്പോൾ നിയമപ്രകാരം പിഴ ഈടാക്കുന്നുണ്ട്.

(സി) മേൽ പരാമർശിത നടപടികളിലൂടെ അനധികൃതമായി സാധനങ്ങൾ കടത്തുന്നതുമൂലമുള്ള നികുതിനഷ്ടം ഒരു പരിധിവരെ ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും അന്യസംസ്ഥാനത്തുനിന്നും അനധികൃതമായി സാധനങ്ങൾ കടത്തുന്നതുവഴി ഉണ്ടായേക്കാവുന്ന നികുതി നഷ്ടം കൃത്യമായി കണക്കാക്കിയിട്ടില്ല.

(ഡി) നികുതി വെട്ടിപ്പ് തടയുന്നതിന് മേൽ പരാമർശിച്ച പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ മറ്റു സംസ്ഥാനങ്ങളിൽനിന്നും അനധികൃതമായി സാധനങ്ങൾ കടത്തുന്നത് നിരുത്സാഹപ്പെടുത്തുന്നതിന് സംസ്ഥാന നികുതി ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെന്ന് കരുതുന്നില്ല.

രക്ഷ്യമിട്ട പ്രകാരമുള്ള നികുതി പിരിച്ചെടുക്കുന്നതിലെ കാലതാമസം

156 (6607) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ രക്ഷ്യമിട്ട പ്രകാരം നികുതി പിരിച്ചെടുക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; സാധ്യതയുടെ എത്ര ശതമാനം യഥാർത്ഥത്തിൽ പിരിച്ചെടുക്കാൻ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ ഇനത്തിലും മുൻ സാമ്പത്തിക വർഷവും ഈ വർഷം ഇതേവരെയും സർക്കാർ രക്ഷ്യമിട്ട തുക, പിരിച്ചെടുത്ത തുക എന്നിങ്ങനെ ഇനം തിരിച്ച് കണക്ക് ലഭ്യമാക്കാമോ ;

(സി) രക്ഷ്യമിട്ട തുക പിരിച്ചെടുക്കാൻ സാധിക്കാത്തത് കെടുകാര്യസ്ഥതയും ഉദാസീനതയുമാണെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ ;

(ഡി) നികുതി പിരിവിലൂടെ കണ്ടെത്തുന്ന വരുമാനത്തിന്റെ അടിസ്ഥാനത്തിൽ രക്ഷ്യമിട്ട പദ്ധതികൾ നടപ്പിലാക്കുന്നതിന് മറ്റ് എന്ത് മാർഗ്ഗമാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 2013-14 സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ട പ്രകാരമുള്ള നികുതി പിരിച്ചെടുക്കുന്നതിന് സാധ്യമായിട്ടില്ല. 2011-12 മുതൽ 2013-14 സാമ്പത്തിക വർഷംവരെ ഓരോ വർഷവും ലക്ഷ്യമിട്ടിരുന്ന വരുമാനം (പ്രതീക്ഷിച്ച വരുമാനം), ലഭിച്ച വരുമാനം, 2014-15 സാമ്പത്തിക വർഷം ലക്ഷ്യമിട്ടിരിക്കുന്ന വരുമാനം, അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം മേയ് 2014 വരെ ലഭിച്ച വരുമാനം എന്നിവയുടെ വിശദവിവരം ഇനംതിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ലക്ഷ്യമിട്ട തുക പിരിച്ചെടുക്കാൻ സാധിക്കാത്തത് കെടുകാര്യസ്ഥതയും ഉദാസീനതയുംമൂലമല്ല. ലക്ഷ്യമിട്ട തുക പിരിച്ചെടുക്കാൻ സാധിക്കാത്തതിന്റെ പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു :

വിദേശ മദ്യ വില്പനയിലുണ്ടായ കുറവ്, വാഹനങ്ങളുടെ വിൽപ്പനയിലുണ്ടായ കുറവ്, കെട്ടിട നിർമ്മാണ മേഖലയിലുണ്ടായ മാന്ദ്യം, വർക്സ് കോൺട്രാക്ട് വഴിയുള്ള വരുമാനത്തിലുണ്ടായ കുറവ്, ആധാരങ്ങളുടെ എണ്ണത്തിലുണ്ടായ കുറവ് എന്നിവ ലക്ഷ്യമിട്ട തുക പിരിച്ചെടുക്കാൻ കഴിയാതിരുന്നതിന്റെ പ്രധാന കാരണങ്ങളാണ്. കൂടാതെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്കിൽ 2 ശതമാനം കുറവു വരുത്തിയതും അരിയെ പൂർണ്ണമായി നികുതിയിൽനിന്ന് ഒഴിവാക്കിയതും പയർ വർഗ്ഗങ്ങൾ, മൈദ, ആട്ട, എഡിബിൾ ഓയിൽ എന്നിവയുടെ നികുതി 1 ശതമാനം കുറച്ചതും റബ്ബർ മേഖലയിൽനിന്നുള്ള നികുതി വരുമാനത്തിലുണ്ടായ കുറവും ലക്ഷ്യമിട്ട തുക പിരിച്ചെടുക്കുവാൻ കഴിയാത്തതിനു കാരണങ്ങളാണ്.

(ഡി) ലക്ഷ്യമിട്ട പദ്ധതികൾ നടപ്പിലാക്കുന്നതിന് 2014-ലെ ധനകാര്യ ബിൽ പ്രകാരം താഴെപ്പറയുന്ന നികുതി നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് :

1. വിദേശ മദ്യത്തിന്റെ നികുതി നിരക്ക് 10 ശതമാനം ഉയർത്തിയതിലൂടെ 400 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

2. ഒരു കോടി രൂപയ്ക്കുമേൽ ടെക്സ്റ്റൈൽസ് ഇനങ്ങളുടെ വിറ്റുവരവുള്ള വ്യാപാര സ്ഥാപനങ്ങളുടെ റെഡിമെയ്ഡ് ഒഴികെയുള്ള ടെക്സ്റ്റൈലുകളുടെ വിറ്റുവരവിന്മേൽ 2 ശതമാനം ടേണോവർ പാർജ്ജ് ചുമത്തിയിട്ടുണ്ട്. ഇതിലൂടെ 100 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

3. വെളിച്ചെണ്ണ ഒഴികെയുള്ള എല്ലാ ഭക്ഷ്യ എണ്ണകളുടെയും നികുതി ഒരു ശതമാനത്തിൽനിന്നും 5 ശതമാനമായി ഉയർത്തിയിട്ടുണ്ട്. 80 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

4. എല്ലാത്തരം യു.പി.എസ്.-കളുടെയും നികുതി നിരക്ക് 14.5 ശതമാനമായി ഉയർത്തിയിട്ടുണ്ട്. 6 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

5. അലുമിനിയം കോമ്പോസിറ്റ് പാനലിന്റെ നികുതി 14.5 ശതമാനമായി ഉയർത്തിയിട്ടുണ്ട്. ഇതിലൂടെ 5 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

6. ട്രേഡ് മാർക്ക് ആക്ടിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ബ്രാൻഡ് നെയിം ഉപയോഗിക്കുന്ന റെസ്റ്റോറന്റുകളെ 0.5 ശതമാനം എന്ന കുറഞ്ഞ കോമ്പൗണ്ടിംഗ് നിരക്കിന്റെ ആനുകൂല്യത്തിൽ നിന്നും മാറ്റുകയും 5 ശതമാനം ഫിക്സഡ്ഡ്യൂട്ടി നിരക്ക് ബാധകമാക്കുകയും ചെയ്തിട്ടുണ്ട്. 10 കോടി രൂപയുടെ അധിക വരുമാനം ഇതിൽനിന്നും പ്രതീക്ഷിക്കുന്നു.

7. മെറ്റൽ ക്രഷറുകളുടെ കോമ്പൗണ്ടിംഗ് നിരക്ക് പരിഷ്ക്കരിച്ചതിലൂടെ 100 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

8. എം-സാന്റിന്റെ നികുതി നിരക്ക് 14.5 ശതമാനം ആയി ഉയർത്തുകയും കോമ്പൗണ്ടിംഗ് നികുതി ഏർപ്പെടുത്തുകയും ചെയ്തതിലൂടെ 40 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

കൂടാതെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികളും സർക്കാർ ഊർജ്ജിതമാക്കിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതമാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സൗന്ദര്യവർദ്ധക വസ്തുക്കളായി നികുതി ഏർപ്പെടുത്തിയിരുന്ന ഉൽപ്പന്നങ്ങൾ

157 **(6608)** ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാർ സൗന്ദര്യവർദ്ധകവസ്തുക്കളായിക്കണ്ട് നികുതി ഏർപ്പെടുത്തിയിരുന്ന ഏതെല്ലാം ഉൽപ്പന്നങ്ങളെയാണ് ഈ സർക്കാർ ആയുർവ്വേദ മരുന്നുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വിഭാഗമാറ്റം കൊണ്ട് എത്ര ശതമാനം നികുതി ആണ് നഷ്ടപ്പെടുന്നത് എന്ന് വിശദമാക്കാമോ ;

(സി) നികുതിമാറ്റം വരുത്തിയതിന്റെ തൊട്ടുമുമ്പത്തെ സാമ്പത്തിക വർഷം ഈ ഇനത്തിൽ സർക്കാരിന് ലഭിച്ച നികുതി വരുമാനം എത്രയാണെന്നും നികുതിമാറ്റം വരുത്തിയ സാമ്പത്തികവർഷം ഈ ഇനത്തിൽ ലഭിച്ച നികുതി വരുമാനം എത്രയാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) അലോപ്പതി മരുന്നുകൾക്കൊപ്പം ആയുർവ്വേദ മരുന്നുകൾക്കും കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം 31-3-2012 വരെ 4 ശതമാനം ആയിരുന്നു നികുതി. ഡ്രഗ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന കോസ്മെറ്റിക് വിഭാഗത്തിൽപ്പെട്ട ഉൽപ്പന്നങ്ങളുടെ നികുതി നിരക്ക് ഈ നിയമത്തിന്റെ തുടക്കം മുതൽതന്നെ ഒരു തർക്കവിഷയമായിരുന്നു. ഇതിനെത്തുടർന്ന് ചില വ്യാപാരികൾ വകുപ്പ് 94 പ്രകാരം സ്പഷ്ടീകരണം ആവശ്യപ്പെടുകയും അതിൻപ്രകാരം 12-11-2009-ൽ വാണിജ്യ നികുതി കമ്മീഷണർ

LIBRARY ARCHIVES Kerala Legislative Assembly